(എ) കഴക്കൂട്ടം സൈനിക സ്കൂൾ വാർഷിക ഫീസ് 1999-2000 സാമ്പത്തിക വർഷം മുതൽ 14,000 രൂപയിൽ നിന്ന് 25,000 രൂപയായി വർദ്ധിപ്പിക്കുകയും വർഷം തോറും 10 ശതമാനം വീതം എല്ലാ വർഷവും കൂടുതലായി ഈടാക്കുകയും ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർദ്ധിപ്പിച്ച ഫീസ് താങ്ങാനാവാതെ ഈ വർഷം 60-ൽ അധികം കേഡറ്റുകൾ റ്റി.സി. വാങ്ങി പോയത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വരുമാനപരിധി ഉയർത്താത്തതു മൂലവും വാർഷിക ഫീസിന് ആനുപാതികമായി സ്കോളർഷിപ്പ് തുക ഉയർത്താത്തതുമൂലവും കുട്ടികൾ കൂട്ടത്തോടെ പിരിഞ്ഞു പോകുന്നത് ഒഴിവാക്കുന്നതിനായി വരുമാന പരിധിയും സ്കോളർഷിപ്പ് തുകയും വർദ്ധിപ്പിക്കുന്നതിന് സർക്കാർ അടിയന്തിരനടപടി സ്വീകരിക്കുമോ;

(ഡി) 1999-2000, 2000-2001 വർഷങ്ങളിലെ വർദ്ധിപ്പിച്ച ഫീസിന്റെ കുടിശ്ശികയായി 20,000 ത്തോളം രൂപ ഉടനെ അടയ്ക്കാൻ സ്കൂൾ അധികൃതർ നോട്ടീസ് അയച്ചിരിക്കുന്ന സാഹചര്യത്തിൽ കുട്ടികൾ കൂട്ടത്തോടെ ടി.സി. വാങ്ങിപ്പോകുന്നത് തടയാനും സ്കൂളിന്റെ പ്രവർത്തനം സുഗമമാക്കാനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) കേഡറ്റുകൾക്ക് റ്റി.സി. നൽകണമെങ്കിൽ നാളിതുവരെ ലഭിച്ച സ്കോളർ ഷിപ്പ് തുകയും സ്കൂളിൽ നിന്ന് ചെലവായ തുകയും പലിശ സഹിതം തിരിച്ചടയ്ക്കണം എന്ന നിബന്ധനമൂലം കുട്ടികൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സർക്കാർ അടിയന്തിരനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിനു കീഴിലുള്ള സൈനിക സ്കൂൾ സൊസൈറ്റി, രാജ്യത്തെ എല്ലാ സൈനിക സ്കൂളുകളിലെയും വാർഷിക ഫീസ് 1999-2000 വർഷം മുതൽ 14,000 രൂപയിൽ നിന്ന് 20,000 രൂപയായി വർദ്ധിപ്പിക്കുകയും വർഷം തോറും 10% വീതം കൂടുതൽ ഈടാക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഡയറ്ററി ചാർജിനത്തിൽ ഓരോ കേഡറ്റും 5500 രൂപ നൽകണമെന്നും തീരുമാനിച്ചിട്ടുണ്ട്. ഈയിനത്തിൽ, 99-2000 വർഷം സംസ്ഥാനസർക്കാർ ഓരോ കേഡറ്റിനും 4125 രൂപ നൽകിയതിനാൽ, ബാക്കി തുകയായ 1375 രൂപയേ കേഡറ്റുകൾ നൽകേണ്ടിയിരുന്നുള്ളൂ.

(ബി) രക്ഷിതാക്കളുടെ അപേക്ഷ പ്രകാരം 31 കേഡറ്റുകൾ പല കാരണങ്ങളാൽ സ്കൂളിൽ നിന്ന് പിരിഞ്ഞു പോയിട്ടുണ്ട്.

(സി,ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

(ഇ) പരിശോധിക്കുന്നതാണ്.

41(46) ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന് ക്ഷേമ പദ്ധതികൾ

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളത്തിലെ മതഭാഷാ ന്യൂനപക്ഷമായ ആംഗ്ലോ ഇന്ത്യൻ സമുദായത്തിന്റെ ക്ഷേമത്തിനായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത സമുദായം നടത്തുന്ന സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുമെന്നുള്ള തീരുമാനം എന്നാണ് പ്രാബല്യത്തിൽ വന്നത്;

(സി) എം.ബി.ബി.എസ്., എഞ്ചിനീയറിംഗ് എന്നീ കോഴ്സുകൾക്ക് സീറ്റുകൾ ഏറെ വർദ്ധിച്ച സാഹചര്യത്തിൽ പ്രസ്തുത വിഭാഗത്തിനുള്ള സംവരണം ഓരോ സീറ്റ് എന്നത് രണ്ട് എന്ന് വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് കേരളത്തിലെ പിന്നോക്ക ന്യൂനപക്ഷവിഭാഗങ്ങൾക്ക് വേണ്ടി നടപ്പിലാക്കുന്ന എല്ലാ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരം അംഗീകരിക്കപ്പെട്ട സംവരണ തത്വമാണ് മെഡിക്കൽ/എഞ്ചിനീയറിംഗ് അഡ്മിഷന് ആധാരം. ആംഗ്ലോ ഇന്ത്യൻ/ജ്യൂസ് സമുദായങ്ങൾക്ക് ഒന്നിടവിട്ട വർഷങ്ങളിൽ യഥാക്രമം ഒരു സീറ്റ് എം.ബി.ബി.എസിന് നീക്കി വച്ചിട്ടുണ്ട്. നിലവിലുള്ള സംവരണത്തോത് മാറ്റുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

42(47) ഉപസംവരണ വ്യവസ്ഥ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഉദ്യോഗനിയമനങ്ങളിൽ 6.2.1957 വരെ നിലവിലുണ്ടായിരുന്ന ഉപസംവരണ വ്യവസ്ഥ നിർത്തലാക്കിയതിനെ തുടർന്ന് ബന്ധപ്പെട്ട ബഹുഭൂരിപക്ഷം സമുദായങ്ങൾക്കും സാമൂഹ്യനീതിയും അവസരസമത്വവും ലഭിച്ചിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ, സാമ്പത്തിക, വിദ്യാഭ്യാസ, ഉദ്യോഗമണ്ഡലങ്ങളിലെ സ്ഥിതി വിവരക്കണക്കുകൾ ശേഖരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഗവൺമെന്റ് നിയമിച്ച ഡോ. ബാബു വിജയനാഥ് ഏകാംഗ കമ്മീഷൻ ഗവൺമെന്റിന് സമർപ്പിച്ച റിപ്പോർട്ടിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ നിരവധി സമുദായങ്ങൾക്ക് തങ്ങളുടെ ജനസംഖ്യാനുപാതികമായി ഉദ്യോഗ പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്ന വസ്തുത ചൂണ്ടിക്കാണിച്ചിട്ടുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉദ്യോഗപ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമാന്തര വിഭാഗങ്ങൾക്ക് അവസരസമത്വം ലഭിക്കുവാൻ ഉപസംവരണം പുനസ്ഥാപിക്കണമെന്നുള്ള കമ്മീഷന്റെ ശുപാർശ നടപ്പിലാക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly